# കേരള സംഗീത നാടക അക്കാദമി, തൃശൂർ-20

## അമേച്വർ കലാസംഘടന/കലാസ്ഥാപനങ്ങൾക്ക് അംഗീകാരത്തിനുള്ള അപേക്ഷ

| | |
|---|---|
| 1. കലാസംഘടന/കലാസ്ഥാപനത്തിന്റെ പേരും പൂർണ്ണമായ മേൽവിലാസവും (പിൻകോഡും ജില്ലയും ഉൾപ്പെടെ) | |
| 2. സ്ഥാപിച്ച തീയതി, മാസം, വർഷം | 3. കലാസംഘടനയോ/കലാസ്ഥാപനമോ കലാസംഘടന / സ്ഥാപനം |
| 4. സ്ഥാപനത്തിന്റെ ഫോൺ നമ്പർ | 5. അക്കാദമിയിൽ ഇതിനുമുൻപ് അംഗീകാരം ലഭിച്ചിട്ടുണ്ടോ? ഉണ്ട്/ ഇല്ല |
| 6. നേരത്തെ ലഭിച്ച അംഗീകാരം നഷ്ടപ്പെട്ടതാണോ. ആണെങ്കിൽ എന്തുകൊണ്ട് ? | |
| 7. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതിന്റെ പകർപ്പും, ഭരണഘടനയുടെ പകർപ്പും | |

8. താഴെപ്പറയുന്നവയിൽ ഏതെല്ലാം ഉണ്ട് ?

| | | | | | |
|---|---|---|---|---|---|
| 1. നെയിംബോർഡ് | : | ഉണ്ട്/ഇല്ല | 2. സീല് | : | ഉണ്ട്/ഇല്ല |
| 3. ഫർണീച്ചർ (കസേര,മേശ,ബെഞ്ച്) | : | ഉണ്ട്/ഇല്ല | 4. കണക്ക്ബുക്ക് | : | ഉണ്ട്/ഇല്ല |
| 5. ഭരണഘടന | : | ഉണ്ട്/ഇല്ല | 6. മിനിറ്റ്സ്ബുക്ക് | : | ഉണ്ട്/ഇല്ല |

മേൽക്കാണിച്ച വിവരങ്ങളും വസ്തുതകളും ശരിയാണെന്ന് ഞാൻ ബോധിപ്പിച്ചു കൊള്ളുന്നു. സമിതിയുടെ നിയമാവലിയുടെയും, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതിന്റെ പകർപ്പുകളും, മുൻവർഷത്തെ പ്രവർത്തന റിപ്പോർട്ടും, നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ ലിസ്റ്റും ഇതോടൊപ്പം വെയ്ക്കുന്നു. ഞങ്ങളുടെ കലാസ്ഥാപനത്തിന്/സംഘടനക്ക് അക്കാദമിയുടെ അംഗീകാരം ലഭിക്കുന്നപക്ഷം അംഗീകാരത്തിനുള്ള ഫീസ് അക്കാദമി ആവശ്യപ്പെടുമ്പോൾ മണിയോർഡർ/ഡി.ഡി. ആയോ കേരള സംഗീത നാടക അക്കാദമി സെക്രട്ടറിക്ക് അയച്ചുതന്നുകൊള്ളാം.

എന്ന്,

സെക്രട്ടറി (ഒപ്പ്)

സ്ഥലം :

പേര് :

തീയതി :

സ്ഥാപനത്തിന്റെ/സംഘടനയുടെ സീല്

വിലാസം, ഫോൺ നമ്പർ

ഭാരവാഹികളുടെ ഫോൺ/ഇ-മെയിൽ

1.

2.

മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ എന്റെ അറിവിൽപ്പെട്ടിടത്തോളം ശരിയാണ്.

സ്ഥലം :

തീയതി :

സാക്ഷ്യപ്പെടുത്തുന്ന പ്രമുഖ വ്യക്തിയുടെ/ഗസറ്റഡ് ഉദ്യോഗസ്ഥന്റെ ഒപ്പ് :

പേര് :

സ്ഥാനം :

ഓഫീസ് സീൽ :

ഫോൺ :

ഇ-മെയിൽ :

## അമേച്വർ കലാസമിതി അഫിലിയേഷനുള്ള വ്യവസ്ഥകൾ

1. സംഗീതം, നൃത്തം, നാടകം, ബാലെ, നാടൻകലകൾ, മാജിക്, കഥാപ്രസംഗം എന്നീ രംഗങ്ങളിൽ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതുമായ എല്ലാ അമേച്വർ കലാസമിതികൾക്കും കേരള സംഗീത നാടക അക്കാദമിയിൽ അഫിലിയേഷനുവേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. ഏത് സമയത്തും അഫിലിയേഷനുള്ള അപേക്ഷ സ്വീകരിക്കുന്നതാണ്. അപേക്ഷയോടൊപ്പം നിയമാവലി, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ പകർപ്പ് , പ്രവർത്തന റിപ്പോർട്ട്, നിലവിലുള്ള ഭരണസമിതി അംഗങ്ങളുടെ ലിസ്റ്റ് എന്നിവ ഉണ്ടായിരിക്കണം.
3. അഫിലിയേഷനുള്ള അപേക്ഷാഫോറം അക്കാദമി ഓഫിസിൽ നിന്ന് നേരിട്ടോ, തപാൽ മാർഗ്ഗമോ, വെബ്സൈറ്റിലൂടെയോ സൗജന്യമായി ലഭിക്കും.
4. ചുരുങ്ങിയത് ഒരു വർഷമെങ്കിലും പ്രവർത്തിച്ചിട്ടുള്ള കലാസമിതികൾക്കു മാത്രമെ അഫിലിയേഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ.
5. സമിതികൾക്ക് സ്വന്തമായോ, വാടകയ്ക്കോ ഉള്ള ഓഫീസുണ്ടായിരിക്കണം. നിയമാവലി, നെയിം ബോർഡ്, സീൽ, ആവശ്യമായ ഫർണീച്ചർ, വരവ്-ചെലവ് കണക്ക് രജിസ്റ്ററുകൾ, മിനിട്ട്സ് ബുക്ക് എന്നിവ ഉണ്ടായിരിക്കണം.
6. അഫിലിയേഷനുള്ള ഫീസ് ഒരു വർഷത്തേക്ക് 100/- രൂപയാണ്.
7. കലാസമിതികൾ അഫിലിയേഷനുള്ള അപേക്ഷ അക്കാദമിക്ക് സമർപ്പിക്കുമ്പോൾ ഒരു ഗസറ്റഡ് ഓഫീസറുടേയോ, പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/ കോർപ്പറേഷൻ മേയറുടേയോ, അക്കാദമി ഭരണസമിതി അംഗത്തിന്റേയോ, മുൻ അംഗത്തിന്റേയോ, അക്കാദമി/സർക്കാർ പുരസ്കാരം നേടിയ അംഗീകൃത കലാപ്രതിഭകളുടെയോ സാക്ഷ്യപത്രം ഉണ്ടായിരിക്കണം.
8. അംഗീകാരം നൽകികൊണ്ടുള്ള സർട്ടിഫിക്കറ്റ് കലാസമിതികൾക്ക് അക്കാദമി നേരിട്ട് അയച്ചു തരുന്നതാണ്. അത് സമിതി ഓഫീസിൽ കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.
9. മൂന്ന് വർഷം വരെയാണ് അക്കാദമി അംഗീകാരത്തിന്റെ കാലാവധി. കാലാവധി തീരുന്ന മുറക്ക് അംഗീകാരം പുതുക്കേണ്ടതാണ്. അഫിലിയേഷനുള്ള ഫീസ് ഒരു വർഷത്തേക്ക് 100 രൂപയാണ്.
10. അംഗീകാരം പുതുക്കുന്നതിനുള്ള ഫീസ് ഒരു വർഷത്തേക്കു് 50/- രൂപയാണ്. യഥാകാലം അംഗീകാരം പുതുക്കേണ്ട ഉത്തരവാദിത്വം കലാസമിതികൾക്ക് ആയിരിക്കും. പുതുക്കുന്ന സമയത്ത് പ്രവർത്തന റിപ്പോർട്ട്, ഭാരവാഹികളുടെ വിവരങ്ങൾ, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതിന്റെ പുതുക്കിയ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

11. അംഗീകാരത്തിന്റെ കാലാവധിക്കുശേഷം 3 മാസത്തിനുള്ളിൽ അംഗികാരം പുതുക്കാതെ വന്നാൽ നിലവിലുള്ള അംഗീകാരം നഷ്ടപ്പെടുന്നതാണ്. സൊസൈറ്റീസ് ആക്ട് അനുസരിച്ച് നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്തവർക്ക്, ഇതിനായി 01-04-2018 മുതൽ ആറു മാസത്തെ സമയം അനുവദിക്കുന്നതാണ്.
12. സാധാരണ നിലയിൽ അക്കാദമി നിർവ്വാഹകസമിതി യോഗ തീരുമാനമനുസരിച്ചായിരിക്കും കലാസമിതികൾക്ക് അഫിലിയേഷൻ ലഭിക്കുന്നത്. നിർവ്വാഹകസമിതി മേൽ പറഞ്ഞ കാലത്ത് നിലവിലില്ലെങ്കിലോ, മറ്റേതെങ്കിലും തക്കതായ കാരണങ്ങളാലോ, സെക്രട്ടറിയോ, സെക്രട്ടറിയുടെ അഭാവത്തിൽ ചീഫ് എക്സിക്യൂട്ടീവ് ചുമതലയുള്ള ഉദ്യോഗസ്ഥനോ ഇതു സംബന്ധിച്ച തീരുമാനം എടുക്കാവുന്നതാണ്. ഇങ്ങനെ എടുക്കുന്ന തീരുമാനങ്ങൾക്ക് പിന്നീട് ചേരുന്ന നിർവ്വാഹകസമിതി യോഗത്തിന്റെ സാധൂകരണം തേടേണ്ടതാണ്.
13. ഒരിക്കൽ ലഭിച്ചു കഴിഞ്ഞ അംഗീകാരം പുതുക്കുന്നതിന് നിർവ്വാഹകസമിതി യോഗ തീരുമാനം ആവശ്യമില്ല. എന്നാൽ അംഗീകാരം പുതുക്കുന്ന സമയത്ത് അത് ഒരു ദൈനംദിന ഓഫീസ് നടപടികൾ ആയി നിർവ്വഹിക്കാവുന്നതാണ്.
14. അക്കാദമിയുടെ അംഗീകാരമുള്ള അമേച്വർ കലാസമിതികൾക്കു മാത്രമെ ഗ്രാന്റ് ലഭിക്കുകയുള്ളൂ. പക്ഷെ അംഗീകാരം ലഭിച്ചതുകൊണ്ടുമാത്രം ഗ്രാന്റ് ലഭിക്കണമെന്നില്ല.
15. കേന്ദ്ര/സംസ്ഥാന ധനസഹായ ശുപാർശകൾക്ക് അക്കാദമിയുടെ അംഗീകാരം ഒരു അവശ്യ നിബന്ധനയാണ്.
16. അഫിലിയേഷനും, ഗ്രാന്റും സംബന്ധിച്ച അന്തിമ തീരുമാനം അക്കാദമിയിൽ നിക്ഷിപ്തമാണ്.

---------------